ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) പാട്ടത്തിന് നൽകുന്നത് കൃഷിക്കാരനും ഉടമയും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിലാണ്.

82 (606) നദികളിൽ തോട്ടയിടുന്നതുമൂലം ഉണ്ടാകുന്ന കരയിടിച്ചിൽ

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. പി.ജെ. ജോയ് :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളിൽ മത്സ്യം പിടിക്കുന്നതിനുവേണ്ടി തോട്ടയിടുന്നതുമൂലം കരയിടിച്ചിൽ ഉണ്ടാകുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരയിടിച്ചിൽ വ്യാപകമായത് നദികളുടെ ഗതിയെ ബാധിക്കുകയും കാലാന്തരത്തിൽ നദികളുടെ മരണത്തിനിടയാക്കുകയും ചെയ്യുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നദികളിൽ തോട്ടയിട്ട് മീൻ പിടിക്കുന്നത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ഇങ്ങനെ ഉണ്ടാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) എക്സ്പ്ലോസീവ് ആക്ട് അനുസരിച്ച് നടപടി സ്വീകരിക്കുവാൻ കോട്ടയം ജില്ലാ കളക്ടർ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

83 (607) വായ്പ തുക തിരിച്ചടയ്ക്കാത്തതിന്റെ പേരിലുള്ള ജപ്തി നടപടികൾ

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. കെ. എ. ചന്ദ്രൻ :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. എം. മുതള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ആർ.വൈ, ഐ. ആർ.ഡി.പി. സ്വയം തൊഴിൽ പദ്ധതി എന്നീ ഇനങ്ങളിലെടുത്ത വായ്പകളും ചെറുകിട വ്യാപാര ആവശ്യത്തിനും കാർഷികാവശ്യത്തിനും എടുത്ത വായ്പകളും തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ എത്ര ജപ്തി നടപടികൾക്ക് ഉത്തരവായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly